15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 936 | 10-08-2023 - ൽ മറുപടിയ്ക്ക്

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ വനാവകാശ നിയമ പ്രകാരം കൈവശ രേഖ ലഭിക്കാനുള്ള പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകരെ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | **പാറശ്ശാല നിയോജക മണ്ഡലത്തിൽ അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊട്ടുമല വാർഡിൽ മാത്രമാണ് വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ ലഭിക്കാനുള്ള പട്ടികവർഗ്ഗക്കാരുള്ളത്. തൊട്ടുമല വാർഡിൽ ആകെ 66 പട്ടികവർഗ്ഗ അപേക്ഷകർക്ക് കൈവശാവകാശരേഖ ലഭിക്കാനുണ്ട്.** |
| (ബി) | ഭവന രഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പാറശ്ശാല നിയോജക മണ്ഡലത്തിൽ എത്ര ഭവനങ്ങൾ നിർമ്മിച്ചുവെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | **പട്ടികജാതി വികസന വകുപ്പ് മുഖേന നിലവിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നില്ല. ഭവനനിർമ്മാണം (സ്പിൽ ഓവർ), ഭവന പൂർത്തീകരണം (സ്പിൽ ഓവർ), ഭവന പുനരുദ്ധാരണം (സ്പിൽ ഓവർ), പഠനമുറി, സേഫ് എന്നീ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം 205 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ദുർബല വിഭാഗക്കാരുടെ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികൾക്കായി 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പാറശ്ശാല മണ്ഡലത്തിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം ഭവനനിർമ്മാണ ധനസഹായം അനുവദിച്ച ഒരു ഗുണഭോക്താവിന് നടപ്പ് സാമ്പത്തിക വർഷത്തിൽ 1,60,000/- (സ്പിൽ ഓവർ) രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി ദുർബല വിഭാഗത്തിൽപ്പെട്ട 2 ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡുവായി 4,80,000/- രൂപയും ഒരാൾക്ക് രണ്ടാം ഗഡുവായി 1,80,000/- രൂപയും കൂടി ആകെ 6,60,000/- രൂപ അനുവദിച്ചിട്ടുണ്ട്.**<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ് ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടി ലൈഫ് മിഷന് കൈമാറുന്നതിനായി 140 കോടി രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. തുക ലൈഫ് മിഷന് കൈമാറുന്നതിന് നടപടികൾ** |

| | | | |
|---|---|---|---|
| | | | **സ്വീകരിച്ചുവരുന്നു. പാറശാല നിയോജക മണ്ഡലത്തിൽ നടപ്പ് വർഷം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും ലൈഫ് മിഷൻ മുഖേനയും വീടുകൾ അനുവദിച്ചിട്ടില്ല.** |
| (സി) | പ്രസ്തുത ഫണ്ടിൽ നിന്നും ലൈഫ് പദ്ധതിയിലേക്ക് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തുക എത്രയാണ്; പ്രസ്തുത പദ്ധതി പ്രകാരം ഈ നടപ്പ് സാമ്പത്തിക വർഷം പാറശ്ശാല നിയോജക മണ്ഡലത്തിൽ നാളിതുവരെ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിച്ചു നൽകി; ഇനം തിരിച്ചുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (സി) | **നടപ്പ് സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലൈഫ് ഭവന പദ്ധതിക്കായി ലൈഫ് മിഷന് തുക കൈമാറി നൽകിയിട്ടില്ല. ലൈഫ് ഭവന പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പൂർത്തീകരിച്ച വീടുകളുടെ വിവരവും തുകയും അനുബന്ധം ആയി ചേർക്കുന്നു.**<br><br>**പാറശാല നിയോജക മണ്ഡലത്തിൽ നടപ്പ് വർഷം പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേനയും ലൈഫ് മുഖേനയും വീട് അനുവദിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| തദ്ദേശ സ്വയംഭരണ സ്ഥാപനം | പൂർത്തീകരിച്ച വീട് | ചെലവഴിച്ച തുക |
|---|---|---|
| അമ്പൂരി | 2 | 8,00,000 |
| ആര്യൻകോട് | 0 | 0 |
| കള്ളിക്കാട് | 0 | 0 |
| കൊല്ലായിൽ | 25 | 1,00,00,000 |
| കുന്നത്തുകാൽ | 8 | 32,00,000 |
| ഒറ്റശേഖരമംഗലം | 0 | 0 |
| പാറശ്ശാല | 11 | 44,00,000 |
| പെരുങ്കടവിള | 0 | 0 |
| വെള്ളറട | 2 | 8,00,000 |

സെക്ഷൻ ഓഫീസർ